പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.7577 17.7.2012 ൽ മറുപടിയ്ക്ക്

## വികലാംഗരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും പദ്ധതികൾ

ചോദ്യം

ശ്രീ.കെ.രാജു

ഉത്തരം

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വികലാംഗരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് പറയുമോ ; | (എ)<br>1. ഒന്നാം ക്ലാസ്സുമുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് (വാർഷിക വരുമാനം 36,000/- രൂപയിൽ താഴെ)പ്രതിമാസ സ്കോളർഷിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്തുവരുന്നു.<br>2. അന്ധരും അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്ക് (വാർഷിക വരുമാനം 18,000/- രൂപയിൽ താഴെ) 2500/- രൂപയും പ്രതിമാസം 1000/- രൂപ വച്ച് പരമാവധി 5 വർഷത്തേയ്ക്കും ധനസഹായം നൽകുന്നു.<br>3. ഇന്റർവ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്ക് യാത്രാബത്ത അനുവദിക്കുന്നു.<br>4. NGO നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നു.<br>5. വികലാംഗർക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് PWD Act പ്രകാരം രജിസ്ട്രേഷൻ നൽകുന്നു.<br>6. ശയ്യാവലംബിയായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതി ആശ്വാസ കിരണം. |

7. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഫോട്ടോ പതിപ്പിച്ച ലാമിനേറ്റഡ് ഐഡന്റിറ്റി കാർഡ് നൽകുന്നു.
8. വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാധനസഹായമായി പരമാവധി 5000/- രൂപ നൽകി വരുന്നു.
9. വികലാംഗരായ പെൺകുട്ടികൾക്കും വികലാംഗരായവരുടെ പെൺമക്കൾക്കും വിവാഹ ധനസഹായമായി 10,000/- രൂപ അനുവദിച്ച വരുന്നു.
10. ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും നിർമ്മിക്കുന്നതിനും സഹായം.
11. വികലാംഗരായ യുവജനങ്ങൾക്കായി തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ച വരുന്നു.
12. വികലാംഗരായ പുരുഷന്മാർക്കായി ഗവ.വികലാംഗ സദനം കോഴിക്കോട്ട് പ്രവർത്തിക്കുന്നു. വികലാംഗരായ സ്ത്രീകൾക്ക് തിരുവനന്തപുരത്തും, എറണാകുളത്തും വികലാംഗ വനിതാ സദനങ്ങൾ പ്രവർത്തിക്കുന്നു. വികലാംഗരായ കുട്ടികൾക്ക് ആലപ്പുഴയിലും തലശ്ശേരിയിലും ബാല വികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നു. മാനസിക രോഗ വിമുക്തി നേടിയവർക്ക് ആശാഭവനുകൾ പ്രവർത്തിച്ച വരുന്നു. ബുദ്ധിമാന്ദ്യമുള്ള പുരുഷന്മാർക്ക് മലപ്പുറം ജില്ലയിൽ പ്രതീക്ഷാ ഭവൻ, സ്ത്രീകൾക്കായി തൃശ്ശൂർ ജില്ലയിൽ പ്രത്യാശാ ഭവൻ, കുട്ടികൾക്കായി കോഴിക്കോട് ജില്ലയിൽ HMDC എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്നു.

| | |
|---|---|
| (ബി) നിലവിൽ എത്ര രൂപയാണ് വികലാംഗ പെൻഷൻ നൽകുന്നത്; ഇത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെന്ന് ബോധ്യമായിട്ടുണ്ടോ; എങ്കിൽ പെൻഷൻ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) നിലവിൽ വികലാംഗ പെൻഷൻ 400/- രൂപയാണ്. ആയത് 80% ൽ കൂടുതൽ വൈകല്യമുള്ളവർക്ക് 700/- രൂപയും അല്ലാത്തവർക്ക് 525/- രൂപയായി വർദ്ധിപ്പിക്കുന്നതിനായി 2012 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണോ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സർക്കാർ സംവരണം ലഭിക്കുന്നതിന് കുറഞ്ഞത് എത്ര ശതമാനം വൈകല്യമാണ് വേണ്ടതെന്ന് അറിയിക്കുമോ; ആരോഗ്യ വകുപ്പിൽ ഇതിൽ താഴെ വൈകല്യമുള്ളവർക്ക് വികലാംഗ ക്വോട്ടയിൽ നിയമനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) വികലാംഗർക്കുള്ള എല്ലാ ആനുകൂല്യങ്ങൾക്കും കുറഞ്ഞത് 40% വൈകല്യം ആവശ്യമാണ്. ആരോഗ്യ വകുപ്പിൽ ഇതിൽ താഴെ വൈകല്യമുള്ളവർക്ക് നിയമനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ